തുഞ്ചത്തെഴുത്തച്ഛൻ
# മലയാളസർവകലാശാല

## എം. എ. പ്രവേശന പരീക്ഷ – 2023

# ചരിത്രപഠനം

കോഴ്സ് കോഡ് **MUE23HIS - 08**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കുക.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കുക.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കുക, പരീക്ഷ എഴുത്തിൽ മറ്റുള്ളവരെ സഹായിക്കുക, നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുക തുടങ്ങിയുള്ള എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. റോൾനമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉത്തരക്കടലാസിൽ ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷ എഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

സമയം: 1 മണിക്കൂർ | മാർക്ക് 50

I. **1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

**(01 x 25= 25)**

1. താഴെപ്പറയുന്നവയിൽ ജോൺ ലോക്ക് എഴുതിയ പുസ്തകം ഏത്?
   a) ഡി സ്പിരിറ്റ് ഓഫ് ദി ലോസ്
   b) ടു ട്രീറ്റൈസസ് ഓൺ ഗവൺമെന്റ്
   c) ദി സോഷ്യൽ കോൺട്രാക്ട്
   d) അനാൽസ്

2. ഈജിപ്റ്റുകാർ ഉപയോഗിച്ചിരുന്ന ലിപിയുടെ പേര് എന്ത്?
   a) ക്യൂണിഫോം
   b) ഹൈറോഗ്ലിഫിക്സ്
   c) ഖരോഷ്ഠി
   d) ബ്രാഹൂയി

3. റഷ്യൻ വിപ്ലവം ആരംഭിച്ച വർഷം?
   a) 1915
   b) 1916
   c) 1917
   d) 1918

4. താഴെപ്പറയുന്നവയിൽ ഏത് സ്മാരകത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടതാണ് ചൈനയിലെ ചക്രവർത്തിയായ ഷിഹുവന്തി അറിയപ്പെടുന്നത്?
   a) ഷിന്റോ ടെമ്പിൾ
   b) ബീജിങ്ങിലെ രാജകൊട്ടാരം
   c) ചൈനയിലെ വൻമതിൽ
   d) ചൈനയിലെ കൺഫ്യൂഷൻ ലൈബ്രറി

5. 'കേരള ചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ' -ആരുടെ കൃതിയാണ്?
   a) പത്മനാഭ മേനോൻ
   b) ഇളംകുളം കുഞ്ഞൻപിള്ള
   c) എം.ജി.എസ്. നാരായണൻ
   d) പാച്ചു മൂത്തത്

6. മറയൂർ എന്ന സ്ഥലം സ്ഥിതി ചെയ്യുന്നത് കേരളത്തിലെ ഏത് ജില്ലയിലാണ്?
   a) മലപ്പുറം
   b) വയനാട്
   c) ഇടുക്കി
   d) കോട്ടയം

7. സയൻസ് ദശകം ആരുടെ കൃതിയാണ്?
   a) ടി.കെ. ദാമോദരൻ
   b) വി.വി. വേലുക്കുട്ടി അരയൻ
   c) സഹോദരൻ അയ്യപ്പൻ
   d) ജി.പി. പിള്ള

8. പാലക്കാട് കാഞ്ഞിരപ്പുഴ നദീതടത്തിൽ നിന്നും പാലിയോലിത്തിക് കാലഘട്ടത്തിലെ ശിലായുധങ്ങൾ ആദ്യമായി കണ്ടെത്തിയത് ആര്?
   a) പത്മനാഭൻ തമ്പി
   b) നാഗമയ്യ
   c) ബ്രൂസ് ഫൂട്ട്
   d) പി. രാജേന്ദ്രൻ

9. 'കേരള സംസ്കാരം അകവും പുറവും' -ആരുടെ കൃതിയാണ്?
   a) എം.ജി.എസ്. നാരായണൻ
   b) എൻ.എം. നമ്പൂതിരി
   c) എം.ആർ. രാഘവവാരിയർ
   d) കേശവൻ വെളുത്താട്ട്

10. 'ദ റോയൽ ടച്ച്' ആരുടെ കൃതിയാണ്?
    a) ലൂസിയൻ ഫെബർ
    b) ഫെർണാന്റ് ബ്രോഡൽ
    c) മാർക്ക് ബ്ലോ
    d) അൽത്തൂസർ

11. 'കൊച്ചി രാജ്യചരിത്രം' -ആരുടെ കൃതിയാണ്?
    a) ശങ്കുണ്ണി മേനോൻ
    b) പത്മനാഭമേനോൻ
    c) അച്യുതമേനോൻ
    d) കേശവമേനോൻ

12. "പാഠം ഇല്ലെങ്കിൽ പാടത്തേക്ക് ഇല്ല" - ഇത് ആരുടെ വാക്കുകൾ ആണ്?
    a) വാഗ്ഭടാനന്ദൻ
    b) അയ്യങ്കാളി
    c) വൈകുണ്ഠസ്വാമി
    d) കുമാര ഗുരുദേവൻ

13. മലബാർ കലാപത്തെ പ്രമേയമാക്കിക്കൊണ്ട് കുമാരനാശാൻ എഴുതിയ കൃതി ഏത്?

a) പ്രരോദനം
b) ദുരവസ്ഥ
c) ചണ്ഡാലഭിക്ഷുകി
d) നളിനി

14. ഇന്ത്യയിലെ പത്രമാധ്യമത്തിന്റെ പിതാവ് എന്നറിയപ്പെടുന്നതാര്?

a) ജയിംസ് അഗസ്റ്റസ് ഹിക്കി
b) മാഡം ബ്ളാവസ്കി
c) സരോജിനി നായിഡു
d) ഇവരാരുമല്ല

15. ജഹാൻ സോസ് (Jaham Soz) എന്നറിയപ്പെടുന്ന ഭരണാധികാരി ആര്?

a) മുഹമ്മദ് ഗസ്നി
b) മുഹമ്മദ് ഗോറി
c) അലാവുദ്ദീൻ ഖിൽജി
d) ഇൽത്തുമിഷ്

16. 'Tabaqat-i-Nasiri' എന്ന കൃതിയുടെ കർത്താവ് ആര്?

a) ഇബ്നു ബത്തൂത്ത
b) ഹസ്സൻ നിസ്സാമി
c) ഇസാമി
d) മിൻഹാജ് - സിറാജ്

17. ദത്തവകാശ നിരോധന നിയമം നടപ്പിലാക്കിയത് ആര്?

a) വെല്ലസ്ലി
b) ഡൽഹൗസി
c) സൈമൺ
d) റോബർട്ട് ക്ലൈവ്

18. 'പൂർണ്ണസ്വരാജ്' പ്രമേയം അംഗീകരിച്ച ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ സെഷൻ ഏതായിരുന്നു?

a) ലാഹോർ സെഷൻ - 1929
b) കൽക്കട്ട സെഷൻ - 1933
c) ലഖ്നൗ സെഷൻ - 1936
d) ത്രിപുരി സെഷൻ - 1939

19. 'The feminine Mystique' എന്ന കൃതിയുടെ കർത്താവ് ആര്?

a) ബെറ്റി ഫ്രീഡൻ
b) സിമോൺ ഡിബ്വുവ്വ
c) പോൾ സാർത്രേ
d) മിഷേൽ ഫുക്കോ

20. ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന് തുടക്കം കുറിച്ച രാജ്യമേത്?

a) ഇംഗ്ലണ്ട്
b) ഫ്രാൻസ്
c) റഷ്യ
d) ഇന്ത്യ

21. Great man Theory സമീപനം ചരിത്രത്തിൽ അവതരിപ്പിച്ചതാര്?

a) നീമ്പർ
b) റാങ്കേ
c) ഹെഗൽ
d) തോമസ് കാർലൈൽ

22. ശാസ്ത്രീയ ചരിത്രരചനയുടെ പിതാവെന്നറിയപ്പെടുന്നതാര്?

a) ഹെറോഡോട്ടസ്
b) തുസീഡൈഡ്സ്
c) പോളിബിയസ്
d) ലിവി

23 ഒരാൾ സ്ത്രീയായി ജനിക്കുന്നില്ല, സ്ത്രീയായി മാറുകയാണ് ചെയ്യുന്നത് എന്നഭിപ്രായപ്പെട്ടതാര്?

a) ജെർമ്മൻ ഗ്രീർ
b) സിമോൺ സി ബുവ്വ
c) ജൂലിയ ക്രിസ്തേവ
d) മിഷേൽ

24. ശാക്യമുനി എന്നറിയപ്പെടുന്നതാര്?

a) ജൈനൻ
b) ബുദ്ധൻ
c) അരബിന്ദോഘോഷ്
d) ഇവരാരുമല്ല

25. ഷെർഷാസൂരിയുടെ ബാല്യകാലനാമം എന്തായിരുന്നു?

a) സലീം
b) ഫരീദ്
c) ഷാജഹാൻ
d) ഖുറം

**II. താഴെ പറയുന്നവയിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ കുറിപ്പെഴുതുക** **(5 x5= 25)**

26. ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളെക്കുറിച്ച് പ്രതിപാദിക്കുക?

27. ചരിത്ര രചനയ്ക്ക് ഹെഗൽ നൽകിയ സംഭാവനകളെക്കുറിച്ചെഴുതുക.

28. 1857-ലെ കലാപത്തിലേക്ക് വഴിതെളിയിച്ച കാരണങ്ങളെക്കുറിച്ചെഴുതുക.

29. എന്താണ് ഗവേഷണം കൊണ്ടർത്ഥമാക്കുന്നതെന്ന് വിശദീകരിക്കുക.

30. നൈൽ നദിയുടെ വരദാനം ആണ് ഈജിപ്ഷ്യൻ നാഗരികത. സമർത്ഥിക്കുക.

31. ഫ്രഞ്ച് വിപ്ലവത്തിന്റെ ആശയങ്ങൾ ലോകത്തെ എപ്രകാരം സ്വാധീനിച്ചു? വിശദീകരിക്കുക.

32. 'കേരള നവോത്ഥാനം' - സാമൂഹ്യ പരിഷ്കരണമോ നവോത്ഥാനമോ? പരിശോധിക്കുക.

33. മധ്യകാല കേരള ചരിത്രം വിദേശസഞ്ചാരികളുടെ കൃതികളിൽ എപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു? വിവരിക്കുക.

-- -- --